**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1498** **10/02/2020- ൽ മറുപടിയ്ക്ക്**

**കൃഷിയ്ക്കായി കർഷകർക്ക് നൽകുന്ന സബ്സിഡി**

| **ചോദ്യം**<br>**ശ്രീ.രാജു എബ്രഹാം** | **ഉത്തരം**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേരളത്തിലെ പ്രധാന കാർഷിക വിളകളായ കപ്പ, വാഴ, ചേമ്പ്, ചേന എന്നിവയ്ക്ക് ഉൽപ്പാദന ച്ചെലവിനനുസരിച്ചിട്ടുള്ള വില കർഷകർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഇത്തരം കാർഷിക വിളകൾ ഉത്പാദിപ്പിക്കുന്ന കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) 2019-20 സാമ്പത്തിക വർഷം 'പയർ വർഗ്ഗ, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം' എന്ന പേരിൽ കൃഷിവകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നു. ഇതിൻ പ്രകാരം കേന്ദ്ര കിഴങ്ങുവർഗ ഗവേഷണ കേന്ദ്രത്തിൽനിന്നും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ സംഭരിച്ച് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ (സീഡ് വില്ലേജ്) മൾട്ടിപ്ലൈ ചെയ്ത് കർഷർക്ക് വിതരണം ചെയ്യുന്നു. 'സീഡ് വില്ലേജി'ലെ കർഷകർക്ക് സീഡ് മൾട്ടിപ്ലിക്കേഷൻ പ്രത്യേക ധനസഹായം അനുവദിക്കും. പ്രസ്തുത പ്രവർത്തനങ്ങൾക്കായി പ്രത്യേക പരിശീലനവും നടത്തുന്നു. |
| (സി) സബ്സിഡിയോടുകൂടി കൃഷി ചെയ്യാൻ സർക്കാർ വായ്പ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) കൃഷിവകുപ്പ് മുഖേന കർഷർക്ക് വായ്പ നൽകുന്നില്ല. വിവിധ പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന കർഷർക്ക് സബ്സിഡി മാത്രമേ കൃഷിവകുപ്പ് മുഖേന നൽകുന്നുള്ളൂ. |

| | |
|---|---|
| (ഡി) കാർഷികോൽപ്പന്നങ്ങളുടെ വില കുറഞ്ഞ് കർഷകർ കടക്കെണിയിലാകുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) കാർഷിക ഉത്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുന്ന അവസരങ്ങളിൽ പ്രസ്തുത ഉത്പന്നങ്ങൾ ന്യായമായ വിലയിൽ സംഭരിച്ച് കർഷകരെ രക്ഷിക്കുന്നതിനായി 'വില സ്ഥിരതയ്ക്കായി വിപണി ഇടപെടൽ' എന്ന പദ്ധതി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നു. ഇതിൻ പ്രകാരം ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും ഉയർന്ന വില നൽകി പഴം, പച്ചക്കറി ഇനങ്ങൾ സംഭരിക്കുകയും കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ഓണച്ചന്തകൾ മുഖേന വിപണനം ചെയ്യുന്നു. കൂടാതെ VFPCK യുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ 6 മൊത്ത വ്യാപാര വിപണികൾ, എക്കോഷോപ്പുകൾ, ആഴ്ചചന്തകൾ എന്നിവ മുഖേനയും കാർഷികോത്പന്നങ്ങളുടെ വിപണന സൗകര്യം ലഭ്യമാണ്. കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ സപ്ലൈകോ മുഖേന നടത്തുന്ന നെല്ല് സംഭരണം നെൽ കർഷകർക്ക് ഉയർന്ന വില ഉറപ്പാക്കാൻ സഹായിക്കുന്നു. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി' റബ്ബറിന് കിലോയ്ക്ക് 150/- രൂപ കർഷകർക്ക് ലഭ്യമാക്കുവാൻ സഹായിക്കുന്നു. |

Sunulathin

സെക്ഷൻ ഓഫീസർ